# PARIYARAM MEDICAL COLLEGE

**(GOVT OF KERALA UNDERTAKING)**
**PARIYARAM, KANNUR -670503**
pmch.pariyaram@gmail.com / website : www.mcpariyaram.com

**Ref : 15/PR-PMC/2018** **(പ്രസിദ്ധീകരണത്തിന്)** **16.07.2018**

## എം.ഫാം കോഴ്സുകളിൽ പരിയാരത്ത് അപേക്ഷ ക്ഷണിച്ചു

കണ്ണൂർ : അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന് (പരിയാരം മെഡിക്കൽ കോളേജ്) കീഴിലുള്ള ഫാർമസി കോളേജിൽ 2018-19 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് ഫാർമസി കോഴ്സുകളിൽ മാനേജുമെന്റ്, എൻ.ആർ.ഐ ക്വാട്ടകളിൽ അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്. സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ (**www.mcpariyaram.com**) ഓൺലൈൻ വഴി അപേക്ഷിക്കാനുള്ള ലിങ്ക് ലഭ്യമാക്കിയിട്ടുണ്ട്. ഫാർമക്കോളജി, ഫാർമക്കോഗ്നസി, ഫാർമസ്യൂട്ടിക്സ് എന്നീ വിഷയങ്ങളിലുള്ള ഫാർമസി പി.ജി കോഴ്സുകളിലേക്കാണ് അപേക്ഷിക്കാൻ സാധിക്കുക. 55 ശതമാനം മാർക്കിൽ കുറയാതെ നേടിയ ബി.ഫാം ബിരുദമാണ് എം.ഫാം കോഴ്സിൽ അപേക്ഷിക്കാനുള്ള യോഗ്യത. 23.07.2018 വരെയാണ് ഓൺലൈൻ വഴി അപേക്ഷിക്കാൻ സാധിക്കുക.

ഓൺലൈൻവഴി ലഭിക്കുന്ന അപേക്ഷകൾ മാത്രമാണ് പ്രവേശനത്തിനായി പരിഗണിക്കുക. ഇതനുസരിച്ച് അപേക്ഷകന് ഇ-മെയിൽ വിലാസം നിർബന്ധമാണ്. ഓൺലൈൻ അപേക്ഷാ ഫോറത്തിലെ മുഴുവൻ കോളവും പൂരിപ്പിച്ചാൽ മാത്രമേ അപേക്ഷ സേവ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. സേവ് ചെയ്ത ഓൺലൈൻ അപേക്ഷാഫോറത്തിന്റെ ഹാർഡ്കോപ്പിയും അപേക്ഷാഫോറം നിരക്കായ 1000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും, “പ്രിൻസിപ്പാൾ, അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ-670503” എന്ന വിലാസത്തിൽ 26.07.2018 ന് വൈകീട്ട് 4 മണിക്കു മുമ്പ് തപാൽ വഴിയോ നേരിട്ടോ ലഭിച്ചിരിക്കണം. വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കോഴ്സിന്റെ പ്രോസ്പെക്ടസിൽ ലഭ്യമാണ്.

**പ്രിൻസിപ്പാൾ**